പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3489 12/12/2014- ൽ മറുപടിക്ക്

## പക്ഷിപ്പനി - നഷ്ടപരിഹാരം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ജി. സുധാകരൻ : | | കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) ഏതെല്ലാം ജില്ലകളിലാണ് പക്ഷിപ്പനി സ്ഥിരീകരിച്ചിട്ടുള്ളത്; | എ) | ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലാണ് പക്ഷിപ്പനി സ്ഥിരീകരിച്ചിട്ടുള്ളത്. |
| ബി) ആലപ്പുഴ ജില്ലയിൽ നവംബർ മാസം ആദ്യം മുതൽ തന്നെ താറാവുകൾ കൂട്ടത്തോടെ ചത്തത് ശ്രദ്ധയിൽപ്പെട്ടിരുന്നുവോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചു.; | ബി) | നവംബർ പകുതിക്കുശേഷം ശ്രദ്ധയിൽപ്പെട്ടിരുന്നു. രോഗകാരണം കണ്ടുപിടിക്കുന്നതിന് തിരുവല്ല ഏവിയൻ ഡിസീസ് ഡയഗ്നോസ്റ്റിക് ലബോറട്ടറിയിലും തിരുവനന്തപുരം പാലോട് ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസിലും പരിശോധനകൾ നടത്തി. ഈ പരിശോധനയിലാണ് രോഗം പക്ഷിപ്പനിയാകാം എന്ന പ്രാഥമിക നിഗമനത്തിലെത്തിയത്. രോഗസ്ഥിരീകരണത്തിനായി ബാംഗ്ലൂരിലെ എസ്. ആർ.ഡി.ഡി.എൽ.- ലും, ഭോപ്പാലിലെ ഹൈ സെക്യൂരിറ്റി ആനിമൽ ഡിസീസ് ലാബിലും അയച്ചു. അവിടെ നിന്നുള്ള 24/11/14 ലെ സ്ഥിരീകരണത്തിന്റെ അടിസ്ഥാനത്തിലാണ് അനന്തര നടപടികൾ സ്വീകരിച്ചത്. പക്ഷിപ്പനി ആദ്യം റിപ്പോർട്ട് ചെയ്ത ആലപ്പുഴ ജില്ലയിലെ പുറക്കാട്, തലവടി, എന്നീ പ്രദേശങ്ങളിലെ 1 കി.മീ ദൂരപരിധിയിലുള്ള രോഗം ബാധിച്ചതും കൂടെയുണ്ടായിരുന്നതുമായ പക്ഷികളെ യെല്ലാം കൊന്നൊടുക്കി ശാസ്ത്രീയമായി സംസ്കരിച്ചിട്ടുണ്ട്. ടി ജില്ലകളിലേയ്ക്കും പുറത്തേയ്ക്കുമുള്ള പക്ഷി, പക്ഷി ഉല്പന്നങ്ങൾ, തീറ്റ എന്നിവയുടെ കടത്ത് താത്ക്കാലികമായി നിരോധിച്ചു. ടി ജില്ലകളിലെ കർഷകർക്ക് പക്ഷിപ്പനിയെക്കുറിച്ചും പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ച് ക്ലാസ്സുകൾ നടത്തുകയും, ലഘുലേഖകൾ,നോട്ടീസുകൾ എന്നിവ വിതരണം ചെയ്യുകയും, റേഡിയോ/ പത്രമാധ്യമങ്ങളുടെ ബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | പക്ഷിപ്പനി സ്ഥിരീകരിക്കുന്നതിനു മുമ്പ് തന്നെ ഈ രോഗം ബാധിച്ച് ചത്ത താറാവുകൾക്കുള്ള നഷ്ടപരിഹാരം കർഷകർക്ക് നൽകാൻ നടപടി സ്വീകരിക്കുമോ; | സി) | നഷ്ടപരിഹാരത്തിന് അർഹരായ കർഷകരുടെ അപേക്ഷയിന്മേൽ ദുരന്ത നിവാരണ ഫണ്ടിൽ നിന്നും നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| ഡി) | പക്ഷിപ്പനി പ്രതിരോധിക്കുന്ന തിനായി സർക്കാർ നിർദ്ദേശ പ്രകാരം കൊല്ലുന്ന താറാവുകൾക്കു മാത്രമേ നഷ്ടപരിഹാരം നൽകുകയുള്ളൂ എന്ന് തീരുമാനം എടുത്തിട്ടുണ്ടോ; | ഡി) | ഇല്ല. പക്ഷിപ്പനി ബാധിച്ച് മരണപ്പെട്ട താറാവുകൾക്കും നഷ്ടപരിഹാരം നൽകുന്നുണ്ട്. |
| (ഇ) | ഇപ്രകാരം കൊല്ലുന്ന താറാവുകൾക്ക് നഷ്ടപരി ഹാരമായി എത്ര രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്; ഈ തുക അപര്യാപ്തമാണെന്ന കർഷകരുടെ പ്രതിഷേധം ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ; ഓരോ താറാവിനും 300 രൂപ വീതം നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കുമോ; | (ഇ) | ഇപ്രകാരം കൊല്ലുന്ന താറാവുകളിൽ 2 മാസവും അതിൽ കൂടുതലും പ്രായമായവയ്ക്ക് 200 രൂപ നിരക്കിലും , രണ്ടു മാസത്തിൽ താഴെ പ്രായമുള്ളവയ്ക്ക് 100 രൂപ നിരക്കിലുമാണ് നഷ്ടപരിഹാരം നിശ്ചയിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് കർഷകരുടെ രേഖാമൂലമുള്ള പരാതികൾ ലഭിച്ചിട്ടില്ല. 300 രൂപ വീതം നഷ്ടപരിഹാരം നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല. |
| (എഫ്) | കൊല്ലുന്ന താറാവുകളെ സംസ്കരിക്കുന്നതിനുള്ള ചെലവ് സർക്കാർ വഹിക്കുമോ; | (എഫ്) | താറാവുകളെ സംസ്കരിക്കുന്നതിനാവശ്യമായ ചെലവ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളാണ് വഹിക്കുന്നത്. |
| (ജി) | അമ്പലപ്പുഴ മണ്ഡലത്തിൽ പക്ഷിപ്പനി ബാധിച്ച് എത്ര താറാവുകൾ/ കോഴികൾ ചത്തു; എത്ര താറാവുകളെ/കോഴികളെ പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി കൊന്നു; ആകെ എത്ര തുക നഷ്ടപരിഹാരമായി കർഷകർക്ക് നൽകി, വ്യക്തമാക്കാമോ; അമ്പലപ്പുഴ മണ്ഡലത്തിൽ രോഗം ബാധിച്ച പ്രദേശങ്ങളിലെയും സമീപ പ്രദേശങ്ങളിലെയും മുഴുവൻ താറാവുകളെയും കൊന്നു സംസ്കരിച്ചുവെന്ന് ഉറപ്പാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ജി) | അമ്പലപ്പുഴ മണ്ഡലത്തിൽ പക്ഷിപ്പനി ബാധിച്ച് 4294 പക്ഷികൾ ചത്തു. (5.12.14 വരെ) 36189 താറാവുകളെയും 895 കോഴികളെയും പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി കൊന്നു. ആകെ 21,30,400/- രൂപ നഷ്ടപരിഹാരമായി കർഷകർക്ക് നൽകി. രോഗബാധ സ്ഥിരീകരിച്ച ഭാഗങ്ങളിലെ മുഴുവൻ പക്ഷികളെയും കൊന്ന് സംസ്കരിച്ചിട്ടുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ